ഗവൺമെന്റിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† കേന്ദ്രം അനുവദിച്ച 20000 മെട്രിക്ടൺ അരി സുനാമി ബാധിതമായി പ്രഖ്യാപിച്ച ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകിയിട്ടുമുണ്ട്.

മണ്ണാർക്കാട് മണ്ഡലത്തിലെ ദുരിതാശ്വാസ വിതരണം

109. [109] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന അപേക്ഷകളിൽ അർഹരായവർക്കെല്ലാം, ധനസഹായം അനുവദിക്കാറുണ്ട്.

കൊച്ചിയിൽ ആരംഭിക്കുന്ന പുതിയ സംരംഭം

110. [110] ശ്രീ. കെ. സി. ജോസഫ്:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഇവയ്ക്ക് ഓരോന്നിനും വേണ്ടി വരുന്ന നിക്ഷേപം എത്ര;

(സി) ഇവയിലെല്ലാം കൂടി എത്ര പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചില പുതിയ സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

† അനുബന്ധം XVI.

LIBRARY ARCHIVES Kerala Legislative Assembly

കേരള സർക്കാരിന്റെയും ദുബായ് ഇന്റർനെറ്റ് സിറ്റിയുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോപാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ. ടി. പാർക്ക് വികസനത്തിനായി സ്മാർട്ട്സിറ്റി എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹൈടെക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കിൻഫ്ര കളമശ്ശേരിയിൽ 240 ഏക്കറിൽ ഒരു ഹൈടെക് പാർക്ക് സ്ഥാപിച്ചുവരുന്നു. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി കാക്കനാട് 100 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടെ എറണാകുളം ജില്ലയിൽ കൊച്ചി ഇന്റർനേഷണൽ എയർപോർട്ട്, കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടിൽസ് ലിമിറ്റഡ്, ഫാറോക്ക് ബോർഡ്സ് ലിമിറ്റഡ്, (ഇ. എക്സ്. പി.), ഫൊറോക്ക് ബോർഡ്സ് ലിമിറ്റഡ് (ഇ. ആർ. എസ്.), ജ്യോജിത്ത് ക്രെഡിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, കേരള ആയുർവേദ ഫാർമസി ലിമിറ്റഡ് (ഇ. എക്സ്പി./എം. ഒ. ഡി.), കേരള, എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മുത്തൂറ്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് നാഗാർജ്ജുന ആയുർവ്വേദ റിട്രീറ്റ് ലിമിറ്റഡ്, പാരിസൺസ് ഇൻഫാസ്ട്രക്ചർ (പ്രൈ) ലിമിറ്റഡ്, റബോകിൻ ഹെൽത്ത് കെയർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, റ്റി. എം. വി. നാച്ചുറൽ ഓയിൽസ് (ഇ. ആർ. എസ്.) ലേക്ക് ഷോർ ഹോസ്പിറ്റൽസ് പ്രൈവറ്റ് വിമിറ്റഡ് (ഇ. എക്സ്. പി.) എന്നീ പ്രോജക്ടുകളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കൂടാതെ കൊച്ചി റിഫൈനറിസിന്റെ വികസനം ഐ. സി. റ്റി. റ്റി. വല്ലാർപാടം, എൽ. എൻ. ജി. ടെർമിനൽ ഗ്യാസ്പൈപ്പ് ലൈൻ പ്രോജക്ട്, ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട്, പ്രൊട്ടോ കെമിക്കൽ കോംപ്ലക്സ്, ബാങ്കറിംഗ് ടെർമിനൽ എന്നീ വൻകിട പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) സ്മാർട്ട്സിറ്റിപദ്ധതി നടപ്പിലാക്കാൻ 2500 കോടി രൂപ മൂലധനമായി നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നു. ഹൈടെക് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 കോടി രൂപയും എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 25 കോടി രൂപയും ചിലവാക്കാൻ ഉദ്ദേശിക്കുന്നു. കെ. എസ്. ഐ. ഡി. സി യുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കു ഏകദേശം 234.91 കോടി രൂപ വേണ്ടിവരും. കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വൻകിട പദ്ധതികൾക്ക് ഏകദേശം 17613 കോടി രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്മാർട്ട്സിറ്റി പദ്ധതി മുഖാന്തിരം 33,300 ഓളം നേരിട്ടുള്ള തൊഴിൽ അവസരങ്ങളും ഏകദേശം അത്രത്തോളം തന്നെ നേരിട്ടല്ലാതെയുള്ള തൊഴിൽ അവസരങ്ങളും കേരളത്തിൽ സൃഷ്ടിക്കപ്പെടും. ഹൈടെക് പാർക്കിൽ 5 വർഷം കൊണ്ട് ഏകദേശം 10,000 പേർക്കും എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ 5 വർഷം കൊണ്ട് ഏകദേശം 10,000 പേർക്കും ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിൽ കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ചില പദ്ധതികൾ മുഖേന ഏകദേശം 437 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റു വൻകിട പദ്ധതികൾ മുഖേന എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് ഇപ്പോൾ വ്യക്തമല്ല.

കൊച്ചി ദുബായ് കപ്പൽ സർവ്വീസ്

111. [111] ശ്രീ. ലൂഡി ലൂയിസ്:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദുബായ് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്നു പറയുമോ;

(സി) മറ്റാരെങ്കിലും ദുബായ്-കൊച്ചി കപ്പൽ സർവീസ് ആരംഭിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) വിവരം ലഭ്യമായിട്ടില്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഉണ്ട്. കൊച്ചി—ദുബായ് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് ദുബായിലെ മാർകോ ഷിപ്പിംഗ് ഏജൻസി (LLC) യും കൊച്ചിൻ പോർട്ട് ട്രസ്റ്റും ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്.

ഇൻഡ്യാ ഇൻഷ്വറൻസ് ഫൈനാൻസ് കമ്പനി ലിമിറ്റഡിൽ നിന്നുമുള്ള സാമ്പത്തിക സഹായമുപയോഗിച്ച് പശ്ചാത്തല വികസനം

112. [112] ശ്രീ. ടി. യു രാധാകൃഷ്ണൻ:

,, പ്രൊഫ. എ. ഡി. മുസ്തഫ:

,, ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല വികസനത്തിനുള്ള പദ്ധതികൾക്കു വേണ്ടി ഇൻഡ്യാ ഇൻഷ്വറൻസ് ഫൈനാൻസ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ കമ്പനി രൂപീകരിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കമ്പനിയുടെ പരിപാടിയിൽ ഏതെല്ലാം വിധത്തിലുള്ള വികസനമാണ് വരുന്നത്;

(സി) ഈ കമ്പനിയിൽ നിന്ന് സാമ്പത്തികസഹായം സ്വീകരിച്ച് രൂപം കൊടുക്കേണ്ട പശ്ചാത്തല വികസനത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly